പതിനാലാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 650 25.5.2017 ലെ മറുപടിക്ക്

**പരമ്പരാഗത കയർ മേഖലയിലെ നേട്ടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ. അബ്ദുൽ ഹമീദ് പി. | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) പരമ്പരാഗത കയർത്തൊഴിലാളികളുടെ വരുമാന സ്ഥിരത ഉറപ്പുവരുത്താൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | എ) കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുന:സംഘടനാ പദ്ധതിയാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. പ്രസ്തുത കയർ ഉപയോഗിച്ച് നിർമ്മിക്കുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ കയർ കോർപ്പറേഷനും ന്യായവില നല്കി സംഭരിക്കും.<br>ഇതിനായി 2016 - 17 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായിരുന്ന 17 കോടി രൂപ പുതുക്കിയ ബജറ്റിൽ 77 കോടി രൂപയായി ഉയർത്തി കയർഫെഡിനും കയർ കോർപ്പറേഷനുമായി അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷവും ആവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്. 2016 - 17 സാമ്പത്തിക വർഷം കയർഫെഡുവഴി 1 ലക്ഷം ക്വിൻറൽ കയറും, കയർ കോർപ്പറേഷൻ വഴി 100 കോടി രൂപയുടെ ഉൽപ്പന്നങ്ങളും സർക്കാർ സംഭരിച്ചിട്ടുണ്ട്. |
| ബി)അതിന്റെ ഫലമായി ഈ മേഖലയിൽ കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കുമോ; | ബി)2016 - 17 വർഷത്തിൽ കേരളത്തിലെ 10 കയർ പ്രോജക്റ്റ് ഓഫീസുകളുടെ പരിധിയിൽ 48422 കയർ തൊഴിലാളികൾക്ക് ജോലി ലഭിക്കുകയും കൂലിയായി 23,96,17,228 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വരുമാനം ഉറപ്പിക്കൽ പദ്ധതിയുടെ പരിധിയിൽ വരുന്ന 27956 തൊഴിലാളികൾക്ക് 12,62,36,570/ രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) 2016-17 വർഷത്തിൽ പരമ്പരാഗത കയർ മേഖലയ്ക്കുവേണ്ടി എന്തു തുക ചെലവിട്ടു എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ? | സി) 2016-17 വർഷത്തിൽ പരമ്പരാഗത കയർ മേഖലയ്ക്ക് വേണ്ടി 160,69,12,959/ രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ